# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 8/1100/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 04/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 8/1100/2023 തീയ്യതി: 04/10/2023

## കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിനി എം വി | ജോയിന്റ് ഡയറക്ടർ | 01-07-2023 | 07-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-07-2023 | 07-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അപർണ്ണ ഡി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.പി.ഗോപാലൻനായർ | പ്രസിഡന്റ് | 01-04-2022 | 10-06-2022 |
| ശ്രീ. സുരേഷ് ചങ്ങാടത്ത് | പ്രസിഡന്റ് | 29-06-2022 | 31-03-2023 |
| ശ്രീ. സരുൺ കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുജ വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ശശികുമാർ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 16-10-2022 |
| ശ്രീമതി.രസിത എം | അസിസ്റ്റന്റ് എഞ്ചിനീയർ | 17-10-2022 | 31-03-2023 |
| ശ്രീമതി..രാജശ്രീ പി.ടി | സി.ഡി.പി.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. സ്മിത നന്ദിനി പി.കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 22-05-2022 |
| ശ്രീമതി അനിത പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 23-05-2022 | 31-03-2023 |
| ശ്രീ.സുധീഷ് കുമാർ വി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ അസീസ് ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലാവണ്യ.സി | ക്ഷീരവികസന ഓഫീസർ | 01-04-2022 | 16-07-2022 |
| ശ്രീമതി ഹിത എസ് | ക്ഷീരവികസന ഓഫീസർ | 17-07-2022 | 03-01-2023 |
| ശ്രീമതി ലാവണ്യ.സി | ക്ഷീരവികസന ഓഫീസർ | 04-01-2023 | 08-02-2023 |
| ശ്രീ.ശ്രീജിത്.പി | ക്ഷീരവികസന ഓഫീസർ | 09-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ചെക്ക് ലഭിക്കുമ്പോൾ രസീത് നൽകുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകയും പോരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്യുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 13 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 1-7 |
| 14 | ഓഡിറ്റ് റിപ്പോർട്ടിന് മറുപടി സമർപ്പിച്ചില്ല | 1-8 |
| 15 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താൽക്കാലിക നിയമനം നടത്തി | 1-9 |
| 16 | മത്സ്യമേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല | 1-10 |
| 17 | കുനിപ്പൊയിൽ ചേർക്കടവ് തോട് നിർമ്മാണം-തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും | 1-11 |
| 18 | എടത്തുംതാഴെ അകലാപ്പുഴ തോട് സംരക്ഷണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-12 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചതിലെ അപാകതകൾ | 1-13 |
| 20 | ചെറുപുഴ പാടശേഖരത്തിൽ പെട്ടിയും പറയും മാറ്റി സ്ഥാപിക്കൽ - പഴയ സാധനങ്ങൾ തിരികെ നൽകിയില്ല | 1-14 |
| 21 | സർക്കാർ നിർദ്ദേശം പാലിക്കും വിധം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-15 |
| 22 | വനിതാവികസന പരിശീലന കേന്ദ്രത്തിലേക്ക് വാങ്ങിയ പ്രൊജക്ടർ ഉപയോഗിക്കുന്നില്ല | 1-16 |
| 23 | ഇൻകം ടാക്സ്/ജി.എസ്.ടി. ഫയൽ ചെയ്യുന്നതിന് ഏജൻസികൾക്ക് പണം നൽകുന്നു. | 1-17 |

| | | |
|---|---|---|
| 24 | ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിൽ അടച്ചില്ല/ലഭിച്ചില്ല | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കുനിപ്പൊയിൽ ചേർക്കടവ് തോട് നിർമ്മാണം-തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും | 3-1 |
| 2 | എടത്തുംതാഴെ അകലാപ്പുഴ തോട് സംരക്ഷണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 3 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താൽക്കാലിക നിയമനം നടത്തി | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് /കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 1(5) തീരുമാന പ്രകാരം തയ്യാറാക്കി 22.06.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31- ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു

## 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes On Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് ).

## 1-1-2 ചെക്ക് ലഭിക്കുമ്പോൾ രസീത് നൽകുന്നില്ല

CHC കെട്ടിടവും ,ക്വാർട്ടേഴ്സ് ബിൽഡിംങ്ങും ലേലം ചെയ്ത ഇനത്തിൽ 19.08.22,23.09.22 എന്നീ തിയ്യതികളിൽ യഥാക്രമം 243000, 176873 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടുണ്ട് . എന്നാൽ മേൽ തുക സ്വീകരിച്ചപ്പോൾ നൽകിയ രസീതിന്റെ കൗണ്ടർഫോയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-3 വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല

സ്ഥാപനം ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 41000 രൂപ ബാലൻസ് കാണുന്നു. എന്നാൽ ധനകാര്യ പത്രിക ബാലൻഷീറ്റ് (ഷെഡ്യൂൾ B7) പ്രകാരം 27000 രൂപയാണ് ബാലൻസ്. വ്യത്യാസത്തിന് കാരണം ലഭ്യമാക്കേണ്ടതും കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-1-4 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ബ്ലോക്ക്പഞ്ചായത്ത് ലഭ്യമാക്കിയ ലോൺ രജിസ്റ്റർ പ്രകാരം 6,29,732/- രൂപ ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. എന്നാൽ 2022-23 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം വായ്പ ഇനത്തിൽ തിരിച്ചടയ്ക്കാൻ തുക ബാക്കിയില്ല.
2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കാൻ കഴിയത്തക്ക വിധത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

| ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18, 31.03.23 നീക്കിയിരിപ്പ് |
|---|---|
| Loans Advance And Deposits | 578146 |

3.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്ഥികളുടെ അസ്തിത്വവും മൂല്യവും പരേശാധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ B7 ഷെഡ്യൂളിലെ വിവിധ ഡെപ്പോസിറ്റുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

| ശീർഷകം | ബാലൻഷീറ്റ് B7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ്, 31.03.23 |
|---|---|
| 340100101, Contractor's Earnest Money Deposit | 5090 |
| 340100102, Supplier's Earnest Money Deposit | 10000 |
| 340100202, Supplier's Security Deposit | 2500 |

| | |
|---|---|
| 340100301, Contractors Retention | 522698 |
| 340109901, Other Deposits | 10000 |
| 340800101, Deposit Received From Others | 4000 |

5.റവന്യൂ റിക്കവറി ഇനത്തിൽ 89126/- രൂപ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു. ആയത് ഏത് ഇനത്തിൽ ഉള്ളതാണെന്ന് കണ്ടെത്തി സർക്കാരിലേക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതാണ്.

6.ക്യാഷ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന Sale Of TenderForms, Sale Of Scrap എന്നീ ഇനങ്ങളിൽ യഥാക്രമം 1300, 1428 തുകകൾ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

1.ഇൻകം ആന്റ് എക്സ്പെൻഡിചർ ഷെഡ്യൂൾ (I-18) പ്രകാരം Prior Period Item എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, അംഗീകരിക്കപ്പെട്ട വർക്ക് ഷീറ്റുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിലുള്ള ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള Partbill നൽകിയ തുകകൾക്ക് Final Bill നൽകുന്ന മുറയ്ക്ക് അതാത് ആസ്തികളിലേക്ക് വരവ് വെയ്ക്കുന്നത് കണക്കാക്കുന്നതിന് Worksheet വച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

## 1-1-6 ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിനായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസ് നൽകിയ തുക യഥാർത്ഥ ചെലവായി താഴെ ചേർക്കും പ്രകാരം 2-ൽ തുടങ്ങുന്ന ഹെഡ്ഡിലേക്കാണ് വരവ് വച്ചിരിക്കുന്നത്.

| പ്രവൃത്തിയുടെ പേര് | അക്കൗണ്ട് ഹെഡ് |
|---|---|
| മക്കാട് മുക്ക് നവപ്രഭ കനാൽ പാലം റോഡ്, മേപ്പയ്യൂർ | 250200201-minor Irrigation General |
| എടത്തുംകര പാലയുള്ളതിൽ നവീന റോഡ്, കീഴരിയൂർ | 250200201- Minor Irrigation General |

## 1-2 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് മേലടി ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ 30-03-2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 25-03-2023 തീയതിയിലെ 1(1) നമ്പർ പ്രകാരവും അംഗീകരിച്ചു.

അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8404186 |

| | |
|---|---|
| വരവ് | 82002437 |
| ആകെ | 90406623 |
| ചെലവ് | 78717097 |
| നീക്കിയിരിപ്പ് | 11689526 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7006517 |
| വരവ് | 52331044 |
| ആകെ | 59337561 |
| ചെലവ് | 55011564 |
| നീക്കിയിരിപ്പ് | 4325997 |

## 1-4 ഫണ്ട് വിനിയോഗം

| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13388800 | 13388800 | 12813215 | 575585 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 0 | 5555000 | 5555000 | 5555000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | | 0 | 425200 | 425200 | ---- | 425200 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | | 0 | 5150000 | 5150000 | 3933304 | 1216696 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ബാങ്ക് | 2722009* | 3281000 | 6003009 | 4622064 | 1380945 |

| | | | | | | |
|---|---|---|---|---|---|---|
| (Tied) | ട്രഷറി | 0 | 1675524 | 1675524 | 1202092 | 473432 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 226479 | 2187000 | 2413479 | 2087844 | 325635 |
| | ട്രഷറി | 0 | 16968 | 16968 | 16968 | 0 |

*കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നീക്കിയിരിപ്പ് B-4 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല എന്ന് പരാമർശിച്ചിരുന്നു. നിലവിലും മുൻബാക്കി തുകയിൽ അപാകത നിലനിൽക്കുന്നു.

## 1-5 പദ്ധതി അവലോകനം

തൻവർഷം 85 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 75 പ്രൊജക്ടുകൾ നടപ്പിലാക്കി. വികസനഫണ്ട് (ജനറൽ), എസ്.സി.പി, ടി.എസ്.പി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 95.69 % തുക ചെലവഴിച്ചു. വിവിധ ഫണ്ടിനങ്ങളുടെ ചെലവ് വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ട് | ശതമാനം |
|---|---|
| വികസനഫണ്ട് (ജനറൽ) | 95.7 |
| എസ്.സി.പി | 100 |
| ടി.എസ്.പി | 0 |
| മെയിന്റനൻസ് ഗ്രാന്റ് | 76.37 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 75.85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 86.6 |

2022-23 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിലെ 13 വാർഡുകളിൽ 5 വാർഡുകൾ തീരദേശ വാർഡുകളാണെന്ന് കാണുന്നു. ഭൂരിഭാഗവും പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ് ഇവിടെ വസിക്കുന്നത്. എന്നാൽ മത്സ്യമേഖലയിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ടി.എസ്.പി ഇനത്തിൽ ലഭിച്ച തുക ചെലവഴിച്ചിട്ടില്ല.

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വാർഷിക കണക്കുകൾ, രജിസ്റ്ററുകൾ, ഫയലുകൾ തുടങ്ങിയവ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല എന്നു കാണുന്നു. രജിസ്റ്ററുകൾ/ഫയലുകൾ ശരിയായ രീതിയിലല്ല സൂക്ഷിക്കുന്നത്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ എഴുതിയ വർക്ക് ഡെപ്പോസിറ്റ് രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. ഓരോ ഇനം ഡെപ്പോസിറ്റും ലഭിച്ച തിയ്യതി, തുക, രശീതി നമ്പർ,

തിരികെ നൽകിയ തിയ്യതി, തുക, വൗച്ചർ നമ്പർ തുടങ്ങിയ വിവരങ്ങൾ നിശ്ചിത മാതൃകയിൽ രേഖപ്പെടുത്തി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്ക് വേണ്ടി മുൻകൂർ കൈമാറിയ തുകകൾ, ഓണം അഡ്വാൻസ്, മറ്റ് മുൻകൂറുകൾ എന്നിവയുടെ വിശദവിവരങ്ങൾ നിശ്ചിത മാതൃകയിൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ലോൺ രജിസ്റ്ററിലെ കണക്കുകൾ ബാലൻസ് ഷീറ്റിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കമ്പ്യൂട്ടറുകളുടെ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നിവയുടെ വിവരങ്ങൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ശരിയായ ഫയൽ സൂക്ഷിപ്പ് സംവിധാനവും മേൽനോട്ടവും ബ്ലോക്ക് പഞ്ചായത്തിൽ നിലവിലില്ല എന്നതാണ് അപാകതകൾക്ക് കാരണം. ഹെഡ്ക്ലർക്ക് മുതലുള്ള ഉദ്യോഗസ്ഥർ മേൽനോട്ട ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് മറുപടി ലഭിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ വെക്കാതെയാണ് നിർവഹണ ഏജൻസികൾക്ക് തുക കൈമാറിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളുടെയും ഘടക സ്ഥാപനങ്ങളുടെയും ആദായനികുതി/ജി.എസ്.ടി റിട്ടേണുകൾ തയ്യാറാക്കുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് പണം നൽകിയതായി കാണുന്നു. ദിവസ വേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല. ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-7 രസീത് പരിശോധനയിൽ കണ്ട അപാകതകൾ

1. CHC കെട്ടിടവും, ക്വാർട്ടേഴ്സ് ബിൽഡിംഗും ലേലം ചെയ്ത ഇനത്തിൽ 19.08.22,23.09.22 എന്നീ തിയ്യതികളിൽ യഥാക്രമം 243000, 176873 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടുണ്ട് . എന്നാൽ മേൽ തുക സ്വീകരിച്ചപ്പോൾ നൽകിയ രസീതിന്റെ കൗണ്ടർഫോയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കേരള ട്രഷറി കോഡ്, വാല്യം 1, ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2 പ്രകാരം പണം സ്വീകരിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ പണം ഒടുക്കുന്ന ആൾക്ക് രസീത് നൽകേണ്ടതും രസീത് ബുക്കുകളുടെ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. നിലവിൽ പഞ്ചായത്തിൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2. ഫ്രണ്ട് ഓഫീസിൽ ഇന്ററപ്റ്റഡ് രസീതി നൽകുന്നതിനായി മാന്വൽ രസീതുകൾ നൽകേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ സാംഖ്യ രസീതുകൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാന്വൽ രസീത് നൽകുന്നതിന് പകരം സാംഖ്യ രസീതിൽ എഴുതി നൽകിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| രസീതു നമ്പർ/ തിയ്യതി | തുക |
|---|---|
| 2010100014/28.03.2023 | 5310 |

അപാകതയ്ക്ക് മറുപടി നൽകേണ്ടതും, മാന്വൽ രസീത് പുസ്തകങ്ങളുടേയും സാംഖ്യ രസീതുകളുടേയും സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കേണ്ടതുമാണ്.

## 1-8 ഓഡിറ്റ് റിപ്പോർട്ടിന് മറുപടി സമർപ്പിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് ഓഡിറ്റ് തിയ്യതി വരെ പ്രഥമ മറുപടി നൽകിയിട്ടില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23 1997 ലെ കേരളാ പഞ്ചായത്തീരാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ പ്രകാരം റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതുമാണ്. ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്ഥാപനം യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-9 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താൽക്കാലിക നിയമനം നടത്തി

ബ്ലോക്ക് ഓഫീസിലെ ടൈപ്പിസ്റ്റ് ആയ ശ്രീമതി.രാധാമണി.എൻ.കെ. 31.5.2022 ന് വിരമിച്ച സാഹചര്യത്തിൽ ടിയാരിയെ തന്നെ താല്ക്കാലികമായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിയമിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ (ഫയൽ നം. എ. 859/2022), വിരമിക്കുന്നതു മൂലമുണ്ടാകുന്ന ഒഴിവിലേക്ക് പുതിയ ആളെ നിയമിക്കുന്നതു വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, താൽക്കാലികമായോ ആളെ നിയമിച്ച് നൽകുന്നതിനുള്ള അപേക്ഷ 24.4.2022 ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), കോഴിക്കോടിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഒഴിവിലേക്ക് നിയമനം നടക്കാത്തതിനാലും, ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതിരിക്കാനും പുതിയ നിയമനം നടക്കുന്നതു വരെ വിരമിച്ച ശ്രീമതി.രാധാമണി.എൻ.കെ. യെ തന്നെ 755/- രൂപ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുകയാണുണ്ടായത്. 2.7.2022 ലെ ഉത്തരവ് നം.എ859/2022 പ്രകാരമാണ് നിയമനം നടത്തിയത്. നിയമനവുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു,

- അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ അനുമതിയില്ലാതെയാണ് ഒഴിവിലേക്ക് താൽക്കാലിക ജീവനക്കാരിയെ നിയമിച്ചിട്ടുള്ളത്. നിയമനം നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയുണ്ടായിരുന്നോ എന്നും വ്യക്തമല്ല.
- താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്താതെ വിരമിച്ച ജീവനക്കാരിയെ തന്നെ നിയമിച്ചത് ഗുരുതര വീഴ്ചയാണ്. അർഹരായ നിരവധി ഉദ്യോഗാർത്ഥികൾ ഉണ്ടെന്നിരിക്കെ അവരുടെ അവസരം നിഷേധിച്ചത് അംഗീകരിക്കാനാവില്ല.
- 5.8.2022 ലെ വൗച്ചർ നമ്പർ 22200136 പ്രകാരം താൽക്കാലിക ടൈപ്പിസ്റ്റിനുള്ള ജൂൺ, ജൂലായ് മാസങ്ങളിലെ വേതനം 33,975/-രൂപ നൽകിയിട്ടുണ്ട്. നിയമന ഫയൽ പ്രകാരം 2.7.2022 ലെ ഉത്തരവ് നം. എ 859/2022 പ്രകാരമാണ് നിയമനം നടന്നിട്ടുള്ളത്. 2.7.2022 ന് നിയമിച്ച വ്യക്തിക്ക് 2.6.22 മുതലുള്ള വേതനം നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. (നിയമനത്തിനു മുമ്പുള്ള 25 ദിവസത്തെ വേതനം)
- പുതിയ ടൈപ്പിസ്റ്റ് ജോലിയിൽ പ്രവേശിച്ച ശേഷം സെപ്റ്റംബർ മാസത്തിൽ അനുവദനീയമായ അവധിയിൽ പ്രവേശിച്ച കാലയളവിൽ (19.9.22 മുതൽ 30.9.22 വരെ ഒമ്പത് ദിവസം) വീണ്ടും ഈ ജീവനക്കാരിയുടെ സേവനം സ്വീകരിക്കുകയും, ആയതിന്റെ വേതനം 6795/-രൂപ വൗച്ചർ 22200323/30.11.22 പ്രകാരം നൽകിയിട്ടുമുണ്ട്. നിലവിലെ തസ്തികയിലുള്ള ജീവനക്കാരൻ അനുവദനീയ അവധിയിൽ പ്രവേശിച്ച സമയം ഇപ്രകാരം വീണ്ടും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയതെന്തിനെന്ന് വ്യക്തമല്ല. ഒരേ സമയം ഒരു തസ്തികയ്ക്കായി രണ്ടു വിധം വേതനം നൽകുന്ന അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്.

താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയതിൽ വിവരിക്കുന്നത് ഇപ്രകാരമാണ്, "സമീപത്ത് താമസിക്കുന്ന പ്രാവീണ്യമുള്ള ആൾ എന്ന നിലയ്ക്കാണ് വിരമിച്ചയാളെ നിയമിച്ചതെന്നും, നിയമന ഉത്തരവിലെ തിയ്യതി പിശക് ക്ലറിക്കൽ പിഴവാണ്. സ്ഥിരം ടൈപ്പിസ്റ്റ് അവധിയിലായ സമയം ഓഫീസ്

പ്രവർത്തനം സുഗമമാക്കാനാണ് വീണ്ടും ഇവരെ നിയമിച്ചതെന്നും, ഇനിമുതൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചേ നിയമനങ്ങൾ നടത്തൂ" എന്നുമാണ്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഉത്തരവു തിയ്യതിയിൽ സംഭവിച്ചത് ക്ലറിക്കൽ പിഴവല്ലെന്നത് കുറിപ്പ് ഫയലിൽ വ്യക്തമാണ്. 2.7.22നാണ് ബന്ധപ്പെട്ട സെക്ഷൻ നിയമന ഉത്തരവിന്റെ കരട് തയ്യാറാക്കി സമർപ്പിക്കുന്നത്. ആയത് ബി.ഡി.ഒ. അംഗീകരിക്കുന്നത് 12.7.22 നാണ്. സ്ഥാപന മേധാവി അംഗീകരിക്കുന്ന തിയ്യതി മുതലേ നിയമന ഉത്തരവിന് പ്രാബല്യമുള്ളൂവെന്നിരിക്കെ നിയമന ഉത്തരവിൽ 2.7.22 തിയ്യതി ഉൾപ്പെടുത്തിയതും അംഗീകരിക്കാവുന്നതല്ല.

മുകളിൽ വിവരിച്ച പ്രകാരം നിയമനത്തിനു മുമ്പേ നൽകിയ വേതനം (12.7.22 നു മുമ്പുള്ള തിയ്യതി വരെ) 24,160/-(32 X 755) രൂപയും, അനുദനീയ തസ്തികയിൽ ജീവനക്കാരനുണ്ടായിരിക്കെ പ്രസ്തുത ദിവസങ്ങളിലേയ്ക്ക് ചെലവഴിച്ച 6795/-രൂപയും ഓഡിറ്റ് അംഗീകരിക്കുന്നില്ല. 30955/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ/ഭരണസമിതിയുടെ അനുമതിയില്ലാതെ നിയമനം നടത്തിയതിനാൽ മറ്റു ദിവസങ്ങളിലേയ്ക്ക് ചെലവഴിച്ച ബാക്കി 9815/-രൂപയുടെ ചെലവ് തടസ്സിൽ വയ്ക്കുന്നു.

## 1-10 മത്സ്യമേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല

2022-23 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിലെ 13 വാർഡുകളിൽ 5 വാർഡുകൾ തീരദേശ വാർഡുകളാണ്. ഭൂരിഭാഗവും പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ് ഇവിടെ വസിക്കുന്നത്. കൂടാതെ പഞ്ചായത്തിനെ തൊട്ടുകൊണ്ട് കിഴക്ക് ഭാഗത്തായി ഒഴുകുന്ന അകലാപ്പുഴയുടെ തീരങ്ങളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളും താമസിച്ചു വരുന്നു. ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീ. 28/05/2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.4 പ്രകാരം മത്സ്യ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള തിക്കോടി ഗ്രാമപഞ്ചായത്തിൽ മത്സ്യഭവൻ ഓഫീസ് നിലവിലുണ്ട്. എന്നാൽ മത്സ്യമേഖലയുടെ വികസനത്തിന് തൻവർഷം പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 172 പട്ടിക 4 പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ പരമ്പരാഗത കടവുകളുടെ വികസനത്തിന് പദ്ധതികൾ ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ വരുന്ന സാമ്പത്തിക വർഷത്തിൽ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-11 കുനിപ്പൊയിൽ ചേർക്കടവ് തോട് നിർമ്മാണം-തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 9,16,681/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് : 4,89,830/-ബിൽ നം.220/30.3.2022

3,09,209/-ബിൽ നം.55/6.9.22

1,10,943/-ബിൽ നം. 120/21.12.22

2021-22 വർഷത്തിൽ രൂപീകരിച്ച് സ്പിൽ ഓവർ ആയി 2022-23 ൽ നിർവ്വഹണം നടത്തിയതാണ് മേൽ പദ്ധതി. മേപ്പയ്യൂർ പഞ്ചായത്തിലെ കുനിപ്പൊയിൽ ക്ഷേത്ര പരിസരത്ത് തുടങ്ങുന്ന തോട് കല്ലുംപുറം വിളയാട്ടൂർ റോഡിനെ മറികടക്കുന്ന ഭാഗത്തെ നവീകരണമാണ് പദ്ധതിയിൽ വിഭാവനം

ചെയ്തത്(പ്രോ.നം.18/23). തോടിന്റെ വശങ്ങളുടെ ശോഷണം കാരണവും, അടിയിൽ മണ്ണ് അടിഞ്ഞു കൂടിയത് കാരണവും വർഷക്കാലത്ത് ജലനിരപ്പുയർന്ന് തോടിനോട് ചേർന്നുള്ള നടപ്പാത യാത്രായോഗ്യമല്ലാതാവുകയും ചെയ്യുന്നത് പരിഹരിക്കുന്നതായി നടപ്പാതയോട് ചേർന്നുള്ള വശം കെട്ടി സംരക്ഷിക്കുകയും, മണ്ണൊലിപ്പ് തടയാൻ തോടിന്റെ അടിത്തട്ടിൽ കരിങ്കല്ല് പതിക്കുകയും ചെയ്യുവാനാണ് പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുത്തിയത്. അടങ്കലായി 9,16,681/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് വകയിരുത്തിയത്. 2021 ഒക്ടോബർ മാസത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് ശ്രീ.കെ.ബാബു എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- 2021 ഒക്ടോബർ മാസം ടെണ്ടർ നടപടി സ്വീകരിച്ച് അതേ മാസം തന്നെ ഭരണസമിതി ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 20.1.2022 നാണ് പ്രവൃത്തി ഏൽപ്പിച്ചു കൊണ്ടുള്ള അറിയിപ്പ് കരാറുകാരന് നൽകിയതും, തുടർന്ന് 2.2.2022 ന് കരാറിലേർപ്പെട്ടതും. ടെണ്ടർ നടപടിയ്ക്ക് ശേഷം പ്രവൃത്തി ഏൽപ്പിക്കാൻ മൂന്നു മാസത്തോളം താമസം ഉണ്ടാകാനുള്ള കാരണം വ്യക്തമല്ല.
- എസ്റ്റിമേറ്റ് റിപ്പോർട്ടിൽ തോടിൽ മണ്ണടിഞ്ഞു കൂടി ആഴം കുറയുന്നതിനാൽ മഴക്കാലത്ത് ജലനിരപ്പ് ഉയരുന്നുവെന്നാണ് വിവരിച്ചത്. അതേ സമയം തോടിന്റെ അടിത്തട്ടിൽ കരിങ്കല്ല് പാകാൻ കാരണമായി റിപ്പോർട്ടിൽ വിവരിക്കുന്നത് മണ്ണൊലിപ്പ് തടയുന്നതിനായിട്ടാണെന്നാണ്. ഈ വൈരുദ്ധ്യം വിശദീകരിക്കേണ്ടതാണ്.
- പരിസ്ഥിതിയ്ക്ക് അനുയോജ്യമായ വിധത്തിൽ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരാത്ത വിധത്തിലാണ് ജലസംരക്ഷണ പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ തോടിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയെ ദുർബലപ്പെടുത്തുന്ന വിധത്തിൽ തോടിന്റെ അടിഭാഗം മുഴുവൻ കരിങ്കല്ല് പാകേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല.
- പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ തോടിന്റെ വീതി കൂട്ടുന്നതിനായി സൈഡ് കട്ട് ചെയ്യുന്നതിന് ഉൾപ്പെടുത്തിയത് ഐറ്റം 2.8.1 ആണ്. ട്രഞ്ച് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തേണ്ട മേൽ ഐറ്റം തോടിന്റെ സൈഡ് കട്ട് ചെയ്തെടുക്കുന്നതിന് ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. അളവു പുസ്തകം 13/21-22 പേജ് 2, 12, 32 എന്നിവ പ്രകാരം തോടിന്റെ വശങ്ങളിൽ ഇപ്രകാരം മണ്ണെടുത്തിട്ടുള്ളത് 135.75$M^3$ (109.24+15.9+10.61) ആണ്. ഐറ്റം 2.6.1 ഉപയോഗപ്പെടുത്താതിരുന്നതിനാൽ താഴെ കൊടുക്കുംവിധം അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 2.6.1 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 135.75 X 216.99= 29,456.39<br>(218.08 രൂപ എസ്റ്റിമേറ്റ് നിരക്കുണ്ടായിരുന്ന ഇനത്തിന് ടെണ്ടർ കുറവ് ലഭിച്ചിരുന്നു) | 135.75 X 165.07= 22,408.25<br>(ടെണ്ടർ കുറവ് കണക്കാക്കാതെ) | 7,048.14 |

- തോടിന്റെ അടിഭാഗം മുഴുവനായി കരിങ്കൽ വിരിക്കുന്നതിനായി ഉപയോഗപ്പെടുത്തിയത് പ്രൈസിൽ ലഭ്യമായ OD Irrigation ലെ ഐറ്റം 60.7.1 എന്നതാണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ "Packing To Compactness To Lines And Levels" എന്ന വിധം കരിങ്കൽ അടുക്കി പണിയുന്നതിനുള്ള ഇനമാണെന്ന് കാണാം. ഈയിനത്തിന്റെ തൊട്ടടുത്ത ഇനമായ 60.7.2 "DR Packing Under Foundation" എന്നതാണ്. ഈയിനം ഉപയോഗപ്പെടുത്താതെ 60.7.1 ഉപയോഗപ്പെടുത്താനുണ്ടായ

സാഹചര്യം വിശദീകരിക്കേണ്ടതാണ്. അളവുപുസ്തകം 13/21-22 പേജ് 4, 14, 34 എന്നിവ പ്രകാരം ഇത്തരത്തിൽ തോടിന്റെ അടിത്തട്ടിൽ കരിങ്കല്ല് പാകിയത് ആകെ 69.96$M^3$ അളവിലാണ്. ഇവിടെയും തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലം അധിക ചെലവുണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 60.7.2 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 69.96 X 2502.85= 1,75,099.38 (2515.43രൂപ എസ്റ്റിമേറ്റ് നിരക്കുണ്ടായിരുന്ന ഇനത്തിന് ടെണ്ടർ കുറവ് ലഭിച്ചിരുന്നു) | 69.96 X 1937.33 = 1,35,535.61 (ടെണ്ടർ കുറവ് കണക്കാക്കാതെ) | 39,563.77 |

മേൽ പ്രവൃത്തിയുടെ തുടർച്ചയായി 2022-23 വർഷത്തിൽ മറ്റൊരു പദ്ധതി (പ്രോ.നം.86/23) രൂപീകരിച്ചിട്ടുണ്ട്. മുൻ പദ്ധതിയിൽ സൈഡ് ഭിത്തി നിർമ്മിച്ച ചെയ്നേജിന്റെ മറുവശം കെട്ടുന്നതിനും, 6.5 മീറ്റർ നീളത്തിൽ ഇരുവശവും കോൺക്രീറ്റ് ഭിത്തി നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റിൽ ഇനങ്ങളുള്ളത്. പ്രവൃത്തിയുടെ കൂടുതൽ വിശദാംശം ചുവടെ കൊടുക്കുന്നു.

അടങ്കൽ : 8,77,482/-(6,25,864/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 2,51,618/- തനതുഫണ്ട്)

ചെലവ് : 2,51,618/- ചെക്ക്.നം. 0044979/-22.3.2023

6,25,864/- ബിൽ നം.195/9.3.23

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- ഈ പ്രവൃത്തിയിൽ കോൺക്രീറ്റ് ഭിത്തിയ്ക്കടിയിൽ കരിങ്കല്ല് ഫൗണ്ടേഷൻ നൽകാനായി ഉൾപ്പെടുത്തിയതും മുകളിൽ വിവരിച്ച വിധം ഐറ്റം 60.7.1 ആണ്. അളവുപുസ്തകം പരിശോധിച്ചതിൽ (ഇ-എം ബുക്ക്) 6.2.2023 ലെ അളവു പ്രകാരം ആകെ 26.765 $M^3$ പ്രവൃത്തി ഇപ്രകാരം നടത്തിയിട്ടുണ്ട്. ഐറ്റം 60.7.2 ഉപയോഗപ്പെടുത്താത്തതിന്റെ കാരണം ഇവിടെയും വ്യക്തമല്ല. അതേസമയം തോടിന്റെ സൈഡ് കട്ട് ചെയ്ത് മണ്ണെടുക്കുന്നതിന് മറ്റ് പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായി കൃത്യമായ ഐറ്റം 2.6.1 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലം ഇവിടെയും അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 60.7.2 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 26.765 X 3332= 89,180.98 (3513.36രൂപ എസ്റ്റിമേറ്റ് നിരക്കുണ്ടായിരുന്ന ഇനത്തിന് ടെണ്ടർ കുറവ് ലഭിച്ചിരുന്നു) | 26.765 X 2622.79 = 70198.97 (ടെണ്ടർ കുറവ് കണക്കാക്കാതെ) | 18,982/- |

- ആദ്യ പ്രോജക്ടിൽ ചെയ്ത ഭാഗത്തിന്റെ മറുവശമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി സൈഡ് ഭിത്തി കെട്ടിയിരിക്കുന്നത്. തോടിന്റെ ഈ കരയിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലമാണെന്ന് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന മൂന്ന് വ്യക്തികളുടെ ലാൻഡ് റിലിങ്ക്വിഷ്മെന്റ്(ഫാറം എ.റൂൾ 3) ഫോറത്തിൽ നിന്നും വ്യക്തമാണ്. എന്നാൽ ഈ അപേക്ഷയിൽ തിയ്യതിയോ, വിട്ടുകൊടുക്കുന്ന ഭൂമിയുടെ കൃത്യമായ

വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സ്ഥലത്തിന്റെ വിസ്തീർണ്ണം 70cm വീതി എന്ന മാത്രമാണ് രേഖപ്പെടുത്തിയത്. വ്യക്തികൾ വിട്ടുകൊടുക്കാൻ തയ്യാറായ ഭൂമി ബന്ധപ്പെട്ട പഞ്ചായത്തിന് രജിസ്റ്റർ ചെയ്ത നൽകിയതിന്റെ വിവരമോ, ഈ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരമോ ലഭ്യമല്ല. (മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.11.2022 ലെ 400954/AMDC01/GENERAL/2022/7025/(1) നമ്പർ കത്തിൽ 25.11.22 തിയ്യതിയിലെ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ വ്യക്തികൾ വിട്ടു നൽകിയ ഭൂമിയുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനമെടുത്തിട്ടുള്ളതായി വിവരിക്കുന്നു). ഭൂമി വിട്ടു നൽകലിന്റെ മുഴുവൻ നടപടികളും പൂർത്തീകരിക്കാതെയാണ് പ്രസ്തുത സ്ഥലത്ത് ബ്ലോക്ക്പഞ്ചായത്ത് പ്രവൃത്തി നടത്തിയിരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവരിച്ച അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാലുണ്ടായ 65594/-(7048+39564+18982)രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കുന്നതോടൊപ്പം, അപാകതകൾക്കുള്ള വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 എടത്തുംതാഴെ അകലാപ്പുഴ തോട് സംരക്ഷണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ആരംഭിച്ചതാണ് ഈ പദ്ധതി. കുറ്റ്യാടിപുഴയേയും, അകലാപ്പുഴയേയും ബന്ധിപ്പിക്കുന്ന ഈ തോടിന്റെ തുറയൂർ ഗ്രാമപഞ്ചായത്തിലുള്ള എടത്തുംതാഴെ മുതൽ ബി.ടി.എം സ്കൂൾ വരെയുള്ള ഭാഗത്ത് പാർശ്വഭിത്തി കെട്ടുന്നതിനാണ് പദ്ധതി. സ്കൂളിലേയ്ക്ക് എത്താവുന്ന ഒരു നടപ്പാതയായി രൂപപ്പെടുത്തിയെടുക്കാൻ ഉദ്ദേശിച്ചാണ് പദ്ധതി രൂപീകരിച്ചത്. നിലവിൽ വിവിധ വർഷങ്ങളിലായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഈ തോടിന് സംരക്ഷണഭിത്തി കെട്ടിയതിന്റെ തുടർച്ചയായാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. 7.9.2020 ൽ സാങ്കേതികാനുമതി ലഭിച്ച ആ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ആറുമാസമാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 5.11.2020 ന് ദിനേശൻ.എം. എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നൽകി. അന്നേ ദിവസം തന്നെ പ്രവൃത്തി സ്ഥലവും കരാറുകാരന് കൈമാറി. ഈ പ്രവൃത്തിയുടെ നിർവ്വഹണ ഫയൽ പരിശോധിച്ചതിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു,

- തോടിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ മണ്ണെടുത്ത് മാറ്റുന്നതിനും, സൈഡ് കട്ട് ചെയ്ത് വീതി കൂട്ടുന്നതിനും, കരിങ്കല്ല് ഉപയോഗിച്ച് അടിത്തറ നിർമ്മിച്ച് ഇരുവശവും കരിങ്കല്ലു കൊണ്ട് പാർശ്വഭിത്തി നിർമ്മിക്കാനുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉള്ളത്. കരിങ്കൽ ഭിത്തിക്കിടയിൽ കോൺക്രീറ്റ് ബെൽറ്റിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു.
- 3.3.2022 ലെ ഭരണസമിതി തീരുമാനം 3പ്രകാരം ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതടിസ്ഥനപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന്റെ റിപ്പോർട്ടിൽ വിവരിക്കുന്നത്, "പാർശ്വഭിത്തിയുടെ ഉയരത്തിൽ വന്ന വ്യത്യാസം കാരണവും, തോടിന്റെ അടിത്തട്ടിൽ ജലവിതാനം ഉള്ളതിനാൽ മണ്ണിന്റെ ഉറപ്പ് കുറവാണെന്ന് ബോധ്യപ്പെട്ടതിനാൽ ഡ്രൈൻ ബെഡിന്റെ വീതി കൂട്ടികൊടുക്കേണ്ടതുണ്ടെന്നും ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നുമാണ്". പ്രവൃത്തി ഏൽപ്പിച്ചു നൽകി ഏകദേശം ഒന്നര വർഷം കഴിഞ്ഞാണ് ഈ തീരുമാനമെടുക്കുന്നത്. അളവു പുസ്തകം (നം. 11/21-22) പരിശോധിച്ചതിൽ മേൽ തീരുമാനം കൈക്കൊണ്ടതിനു ശേഷം 4.3.22 നാണ് പ്രവൃത്തി ആരംഭിക്കുന്നത്. പ്രവൃത്തി ഏൽപ്പിച്ചു നൽകിയ ശേഷം ഒന്നര വർഷത്തോളം

പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച കാരണം ഫയലിൽ വ്യക്തമല്ല.

- നിർമ്മാണം ആരംഭിച്ച് 26.3.22 വരെ നടന്ന പ്രവൃത്തികളുടെ മൂല്യം കണക്കാക്കി 2021-22 വർഷത്തിൽ 5,73,860/- രൂപയുള്ള ആദ്യ പാർട്ട് ബിൽ (ബിൽ നം. 221/30.3.22) നൽകിയിട്ടുണ്ട്. തോടിന്റെ അടിത്തട്ടിൽ നിന്നും മണ്ണെടുക്കുകയും, അടിത്തട്ട് മുഴുവനായി (71 മീറ്റർ നീളത്തിൽ) 3.25 മീറ്റർ വീതിയിൽ കരിങ്കൽ പാകുകയും, ഇടതുവശം 27 മീറ്ററും, വലതുവശം 35 മീറ്ററും നീളത്തിൽ 0.90 മീറ്റർ ഉയരത്തിൽ പാർശ്വഭിത്തി നിർമ്മിക്കുകയുമാണ് ഈ സമയം നടന്നത്. പാർട്ട് ബിൽ നൽകിയ ശേഷം ഈ പ്രവൃത്തിയുടെ തുടർ പ്രവർത്തനം ആരംഭിക്കുന്നത് ഏകദേശം ഒരു വർഷത്തിനു ശേഷം 16.2.2023 നാണ്. ഈ സമയം നടന്നത് ആദ്യം പണിത ഭിത്തിയുടെ തുടർച്ചയിൽ ഭിത്തികെട്ടും, ബെൽറ്റ് നൽകി മുകളിലേയ്ക്ക് ശരാശരി 0.75 മീറ്റർ ഉയരത്തിൽ ഭിത്തികെട്ടുമാണ്. ഇക്കാലയളവിലും പ്രവൃത്തി നിർത്തിവച്ചിരിക്കുന്നത് സംബന്ധിച്ച് വിവരണങ്ങളൊന്നും ഫയലിലില്ല.
- ഫയലിൽ കരാറുകാരൻ നൽകിയ ഒരപേക്ഷ കാണുന്നു. ഇതിൽ നിർമ്മാണ പ്രദേശത്തെ പ്രത്യേക സാഹചര്യം കാരണം/വെള്ളക്കെട്ട് കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നും, 20.3.2023 വരെ പൂർത്തീകരണ സമയം നീട്ടി നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ഇതിനടിസ്ഥാനപ്പെടുത്തി 4.5.2021 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ കാലാവധി 15.3.23 വരെ നീട്ടി നൽകാവുന്നതാണെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ അപ്പെൻഡിക്സ് 2100 F ലുള്ള ശുപാർശയും ഫയലിലുണ്ട്. എന്നാൽ പ്രവൃത്തി സമയം ഭരണസമിതി നീട്ടി നൽകിയതിന്റെ വിശദാംശം ഫയലിലില്ല. 2022 മാർച്ച് മാസത്തിൽ പാർട്ട് ബിൽ ലഭിച്ച ശേഷം വേനൽ മാസങ്ങളായി ഏപ്രിൽ, മെയ് മാസങ്ങൾ ലഭ്യമായിട്ടും പ്രവൃത്തി തുടരാതെ ഒരു വർഷത്തോളം കഴിഞ്ഞുള്ള തിയ്യതി വരെ പൂർത്തീകരണ കാലവധി നീട്ടി നൽകാൻ അപേക്ഷിച്ചതും, ആയത് അംഗീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തതും അംഗീകരിക്കാവുന്നതല്ല.
- പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ തോടിന്റെ വീതി കൂട്ടുന്നതിനായി സൈഡ് കട്ട് ചെയ്യുന്നതിനും, അടിത്തട്ട് ലെവൽ ചെയ്യുന്നതിന് മണ്ണെടുക്കുന്നതിനും ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 2.6.1 ഉം, കരിങ്കൽകെട്ടിന്റെ ഫൗണ്ടേഷൻ നിർമ്മിക്കാനുള്ളതിന് ഐറ്റം 2.8.1 ഉം ആണ്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം നടത്തിയപ്പോൾ തോടിന്റെ സൈഡ് കട്ട് ചെയ്ത് വീതി കൂട്ടുന്ന പ്രവൃത്തിയ്ക്കായി ഉപയോഗപ്പെടുത്തിയത് ഐറ്റം 2.8.1 ആണ്. ട്രഞ്ച് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തേണ്ട മേൽ ഐറ്റം തോടിന്റെ സൈഡ് കട്ട് ചെയ്തെടുക്കുന്നതിന് ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. അളവുപുസ്തകം 11/21-22 പേജ് 2 പ്രകാരം തോടിന്റെ ഇരുവശങ്ങളിലും ഇപ്രകാരം മണ്ണെടുത്തിട്ടുള്ളത് 136.62 $M^3$ ആണ്. തെറ്റായ ഇനം ഉപയോഗപ്പെടുത്തിയതിനാൽ താഴെ പറയും വിധം അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 2.6.1 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 136.62 X 218.08 =29,794.09 | 136.62 X 165.07 = 22,551.86 | 7242.23 |

- എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തിയപ്പോൾ തോടിന്റെ അടിഭാഗം മുഴുവനായി കരിങ്കൽ വിരിച്ചിട്ടുണ്ട്. ഇതിനായി ഉപയോഗപ്പെടുത്തിയത് പ്രൈസിൽ ലഭ്യമായ OD Irrigation ലെ ഐറ്റം 60.7.1 എന്നതാണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ "Packing To Compactness To Lines And Levels" എന്ന വിധം കരിങ്കൽ അടുക്കി പണിയുന്നതിനുള്ള ഇനമാണെന്ന് കാണാം. ഈയിനത്തിന്റെ തൊട്ടടുത്ത ഇനമായ 60.7.2 "DR Packing Under Foundation" എന്നതാണ്. ഈയിനം ഉപയോഗപ്പെടുത്താതെ 60.7.1 ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. നിരക്കിൽ

വൻവ്യത്യാസമുള്ളതിനാൽ ഈയിനം ഉപയോഗപ്പെടുത്തിയതിനാൽ 66,701.17/-രൂപയുടെ അധിക ചെലവ് പഞ്ചായത്തിനുണ്ടായി.(എം ബുക്ക് പേജ് 4 പ്രകാരം 115.38M3 ഡ്രൈൻബെഡ് നിർമ്മാണം നടന്നിട്ടുണ്ട്.)

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 60.7.2 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 115.38x 2515.43 = 2,90,230.31 | 115.38 X 1937.33 = 2,23,529.14 | 66,701.17 |

- മുകളിൽ വിവരിച്ച രീതിയിൽ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസമുണ്ടായപ്പോഴും, ഒന്നര വർഷത്തിനു കഴിഞ്ഞ് ആരംഭിച്ച് പാർട്ട് ബിൽ നൽകിയ ശേഷം വീണ്ടും ഒരു വർഷത്തോളം തുടർപ്രവർത്തനം നടത്താതിരുന്നപ്പോഴും നിർവ്വഹണോദ്യോഗസ്ഥനോ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ വർക്കിംഗ് ഗ്രൂപ്പോ ഇതിനെപ്പറ്റി ആരാഞ്ഞതായോ ഇടപെടലുകൾ നടത്തിയതായോ കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണത്തിന് ഏകദേശം രണ്ടു വർഷത്തോളം കാലതാമസമുണ്ടായപ്പോഴും കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമല്ല. പിഴ തുക ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ച കാര്യങ്ങൾക്ക് വ്യക്തത വരുത്തും വിധം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. തെറ്റായ ഇനങ്ങൾ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയതിനാൽ ഉണ്ടായ 73,943/-(7242.23+66701.17) രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-13 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചതിലെ അപാകതകൾ

തൻവർഷം തനത്ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, എന്നിവ ഉപയോഗിച്ച് കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വിവിധ റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| പ്രൊജക്ട് | ഡെപ്പോസിറ്റ് ചെയ്ത തുക & ബിൽ നമ്പർ | വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| പ്രൊജക്ട്നം.72/22-23, മക്കാട്ട്മുക്ക് നവപ്രഭ കനാൽപാലം റോഡ് | 600000 31/17.10.22 | 424663 രൂപ | കരാറിലേർപ്പെടാതെ തുക നൽകി. വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ബാക്കിയുള്ള 175337/-രൂപ തിരികെ ലഭിച്ചില്ല. |
| 8/22-23, | 546800 | വിനിയോഗ | കരാറിലേർപ്പെടാതെ |

| | | | |
|---|---|---|---|
| കൊല്ലിയിൽമുക്ക് നടുക്കണ്ടി ക്ഷേത്രം റോഡ്, | 73/12.10.22 | സർട്ടിഫിക്കറ്റ് ലഭിച്ചില്ല | തുക നൽകി. പ്രവൃത്തി പൂർത്തിയാക്കിയില്ല |
| 73/22-23, കുറ്റ്യാടി ഇറിഗേഷൻ ഇടതുകര മെയിൻ കനാൽ റോഡിൽ പാലയുള്ളതിൽ മുതൽ നവീന റോഡ് വരെ ടാറിംഗ് | 500000 103/15.10.22 | 469913 | കരാറിലേർപ്പെടാതെ തുക നൽകി. വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ബാക്കിയുള്ള 30087/- രൂപ തിരികെ ലഭിച്ചില്ല. |

നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടാതെ തുക കൈമാറിയതിന് മറുപടി നൽകേണ്ടതാണ്. വിനിയോഗിച്ചതിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത/മുഴുവൻ തുകയും ചെലവഴിക്കാത്ത 752224/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

### 1-14 ചെറുപുഴ പാടശേഖരത്തിൽ പെട്ടിയും പറയും മാറ്റി സ്ഥാപിക്കൽ - പഴയ സാധനങ്ങൾ തിരികെ നൽകിയില്ല

നിർവ്വഹണം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ

പ്രൊജക്ട് - 69/2022-23

ചെലവ് - 400000

ബിൽ നമ്പർ - 149/16.01.23

കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ ചെറുപുഴ പാടശേഖരത്തിലെ പെട്ടിയും പറയും മാറ്റി സ്ഥാപിക്കുന്നതാണ് പ്രൊജക്ട്. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നാണ് 30 എച്ച്.പി. മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്. 2008 വർഷം ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച പെട്ടിയും പറയും കാലപ്പഴക്കം കാരണം പ്രവർത്തനക്ഷമമല്ലായായതിനാൽ പുതിയത് സ്ഥാപിക്കുകയായിരുന്നു. ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട്, പഴയ പെട്ടിയും പറയും ലേലം ചെയ്ത് തുക ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-15 സർക്കാർ നിർദ്ദേശം പാലിക്കും വിധം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കമ്പ്യൂട്ടറുകളുടെ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ പ്രത്യേകം രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് 24-9-2010 ലെ 86/2010/ഫിൻ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക്പഞ്ചായത്തിൽ ഈ വിധം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിലേയും, ഘടക സ്ഥാപനങ്ങളുടെയും വിവിധ കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. മേൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത കമ്പ്യൂട്ടറുകൾക്ക് വാറണ്ടിയുണ്ടായിരുന്നോ എന്നത് പരിശോധിക്കാനായിട്ടില്ല. കമ്പ്യൂട്ടറിന്റെ അറ്റകുറ്റ പണിയുടെ ഭാഗമായി വിൻഡോസ് ഇൻസ്റ്റാൾ ചെയ്ത ചെലവും (500രൂപ) ഓഡിറ്റ് സമയം കാണാനിടയായി. അംഗീകൃത സോഫ്റ്റ്‌വെയറുകൾ അല്ലാതെ പൈറേറ്റഡ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നത് സർക്കാർ കർശനമായി ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഘടക സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന (ബ്ലോക്ക് പഞ്ചായത്ത് വാങ്ങി നൽകിയതല്ലാത്ത) കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപണികൾ ബ്ലോക്ക് ഫണ്ടിൽ നിന്നും ചെയ്തു നൽകുന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പ്യൂട്ടറുകളുടെ വാറണ്ടിയടക്കമുള്ള വിവരങ്ങൾ അവരുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള, പഞ്ചായത്ത് വാങ്ങി നൽകിയ ഘടകസ്ഥാപനങ്ങളുടെയടക്കം എല്ലാ കമ്പ്യൂട്ടറുകളുടെ

വിവരങ്ങളും മേൽ ഉത്തരവിൽ നിർദ്ദേശിക്കും വിധം എഴുതി സൂക്ഷിക്കേണ്ടതും, ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-16 വനിതാവികസന പരിശീലന കേന്ദ്രത്തിലേക്ക് വാങ്ങിയ പ്രൊജക്ടർ ഉപയോഗിക്കുന്നില്ല

നിർവ്വഹണം - സിഡിപിഒ

പ്രൊജക്റ്റ് നമ്പർ - 94/22-23

ചെലവ് - 59736 (മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ് )

ബിൽ നമ്പർ - 22/21.03.23

മേലടി ഐ.സി.ഡി.എസ് പരിധിയിലെ അങ്കണവാടി പ്രവർത്തകർക്ക് ബോധവൽക്കരണ ക്ലാസ്, പരിശീലന പരിപാടി, മറ്റ് മീറ്റിംഗുകൾ എന്നിവ നടത്തുന്നതിന് വനിതാ വികസന പരിശീലന കേന്ദ്രത്തിലേക്ക് GEM മുഖേന 59736 രൂപ ചെലവഴിച്ച് ഒരു പ്രൊജക്ടർ വാങ്ങിയിട്ടുണ്ട്. 06.07.2023 ന് നേരിൽ പരിശോധിച്ചതിൽ പ്രൊജക്ടർ സി.ഡി.പി.ഒ യുടെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. പ്രൊജക്ടർ പ്രൊജക്ടിൽ നിർദ്ദേശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല . ആവശ്യകതയില്ലാതെ പദ്ധതി പ്രകാരം പ്രൊജക്ടർ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

### 1-17 ഇൻകം ടാക്സ്/ജി.എസ്.ടി. ഫയൽ ചെയ്യുന്നതിന് ഏജൻസികൾക്ക് പണം നൽകുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെയും, ഘടക സ്ഥാപനങ്ങളുടേയും ആദായനികുതി/ജി.എസ്.ടി. റിട്ടേണുകൾ തയ്യാറാക്കുന്നതിന് സ്വകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തുകയും പണം ചെലവഴിക്കുകയും ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻകം ടാക്സ് റിട്ടേൺ | | |
|---|---|---|
| വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
| 22200126/25.7.22 | 11180/- | ബ്ലോക്ക് ഓഫീസിന്റെ Q2,Q3,Q4 ഫയൽ ചെയ്തതിന് |
| 22200096/30.6.22 | 1200 | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചറിന് ITഫയൽ ചെയ്തതിന് അനുവദിച്ച തുക |
| 22200159/1.9.22 | 1500 | അസി.എഞ്ചിനീയർക്ക് ITഫയൽ ചെയ്തതിന് അനുവദിച്ച തുക |
| 22200162/1.9.22 | 400 | SCDO ITഫയൽ ചെയ്തതിന് അനുവദിച്ച തുക |
| ജി.എസ്.ടി. റിട്ടേൺ | | |
| 22200014/30.4.22 | 1500 | സെക്രട്ടറി ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്തതിന് |
| 22200204/29.9.22 | 3800 | |

റിട്ടേണുകൾ തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സപ്പോർട്ട് അടക്കമുള്ള സൗകര്യങ്ങൾ ഇൻകം

ടാക്സിന്റെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സൈറ്റുകളിലും സൗജന്യമായി ലഭ്യമായിരിക്കെ വലിയ തുക റിട്ടേൺ തയ്യാറാക്കുന്നതിന് വേണ്ടി ചെലവഴിക്കുന്ന നടപടി അഭിലഷണീയമല്ല. മേൽ വിവരിച്ച രീതിയിൽ പണം ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി സമയപരിധിക്കകം റിട്ടേൺ സമർപ്പിക്കാതിരുന്നാൽ ഭീമമായ പിഴ അടക്കേണ്ടി വരുമെന്നതിനാലും, പരിജ്ഞാനമുള്ള ജീവനക്കാർ ഇല്ലാത്തതിനാലുമാണ് പ്രൈവറ്റ് ഏജൻസികൾ മുഖേന ഫയൽ ചെയ്തത് എന്നാണ്. റിട്ടേണുകൾ സ്ഥാപനം തന്നെ ഫയൽ/അപ്‌ലോഡ് ചെയ്യുന്നതിന് ശ്രമിക്കേണ്ടതും, ഇതിനായി ജീവനക്കാരെ പ്രാപ്തരാക്കേണ്ടതും, മറ്റു സ്ഥാപനങ്ങളുടെ സേവനം സ്വീകരിക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-18 ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിൽ അടച്ചില്ല/ലഭിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്(SBI Payyoli Branch Acct. No.4025775451) ലഭിക്കുന്നത്. എന്നാൽ ഈ തുക വർഷാവസാനം ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിലേയ്ക്ക് നൽകുന്നില്ല. ഓഡിറ്റ് സമയം ഈ അക്കൗണ്ടിൽ 1,30,965/- രൂപ നീക്കിയിരിപ്പുണ്ട്. 2022-23 സാമ്പത്തിക വർഷത്തിനു മുമ്പുള്ള ഈയിനത്തിലെ തുക എക്സിക്യൂട്ടീല് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോയിരുന്നത്. ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയതു വരെയുള്ള ഈയിനത്തിലെ തുക എത്രയാണെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതും, ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. തുക ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെയും, നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതിന്റെയും വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കനിപ്പൊയിൽ ചേർക്കടവ് തോട് നിർമ്മാണം-തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 9,16,681/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് : 4,89,830/-ബിൽ നം.220/30.3.2022

3,09,209/-ബിൽ നം.55/6.9.22

1,10,943/-ബിൽ നം. 120/21.12.22

2021-22 വർഷത്തിൽ രൂപീകരിച്ച് സ്പിൽ ഓവർ ആയി 2022-23 ൽ നിർവ്വഹണം നടത്തിയതാണ്

മേൽ പദ്ധതി. മേപ്പയ്യൂർ പഞ്ചായത്തിലെ കനിപ്പൊയിൽ ക്ഷേത്ര പരിസരത്ത് ഉടങ്ങുന്ന തോട് കല്ലംപുറം വിളയാട്ടൂർ റോഡിനെ മറികടക്കുന്ന ഭാഗത്തെ നവീകരണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്(പ്രോ.നം.18/23). തോടിന്റെ വശങ്ങളുടെ ശോഷണം കാരണവും, അടിയിൽ മണ്ണ് അടിഞ്ഞു കൂടിയത് കാരണവും വർഷക്കാലത്ത് ജലനിരപ്പുയർന്ന് തോടിനോട് ചേർന്നുള്ള നടപ്പാത യാത്രായോഗ്യമല്ലാതാവുകയും ചെയ്യുന്നത് പരിഹരിക്കുന്നതായി നടപ്പാതയോട് ചേർന്നുള്ള വശം കെട്ടി സംരക്ഷിക്കുകയും, മണ്ണൊലിപ്പ് തടയാൻ തോടിന്റെ അടിത്തട്ടിൽ കരിങ്കല്ല് പതിക്കുകയും ചെയ്യുവാനാണ് പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുത്തിയത്. അടങ്കലായി 9,16,681/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് വകയിരുത്തിയത്. 2021 ഒക്ടോബർ മാസത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് ശ്രീ.കെ.ബാബു എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- 2021 ഒക്ടോബർ മാസം ടെണ്ടർ നടപടി സ്വീകരിച്ച് അതേ മാസം തന്നെ ഭരണസമിതി ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 20.1.2022 നാണ് പ്രവൃത്തി ഏൽപ്പിച്ചു കൊണ്ടുള്ള അറിയിപ്പ് കരാറുകാരന് നൽകിയതും, തുടർന്ന് 2.2.2022 ന് കരാറിലേർപ്പെട്ടതും. ടെണ്ടർ നടപടിയ്ക്ക് ശേഷം പ്രവൃത്തി ഏൽപ്പിക്കാൻ മൂന്നു മാസത്തോളം താമസം ഉണ്ടാകാനുള്ള കാരണം വ്യക്തമല്ല.
- എസ്റ്റിമേറ്റ് റിപ്പോർട്ടിൽ തോടിൽ മണ്ണടിഞ്ഞു കൂടി ആഴം കുറയുന്നതിനാൽ മഴക്കാലത്ത് ജലനിരപ്പ് ഉയരുന്നുവെന്നാണ് വിവരിച്ചത്. അതേ സമയം തോടിന്റെ അടിത്തട്ടിൽ കരിങ്കല്ല് പാകാൻ കാരണമായി റിപ്പോർട്ടിൽ വിവരിക്കുന്നത് മണ്ണൊലിപ്പ് തടയുന്നതിനായിട്ടാണെന്നാണ്. ഈ വൈരുദ്ധ്യം വിശദീകരിക്കേണ്ടതാണ്.
- പരിസ്ഥിതിയ്ക്ക് അനുയോജ്യമായ വിധത്തിൽ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരാത്ത വിധത്തിലാണ് ജലസംരക്ഷണ പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ തോടിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയെ ദുർബലപ്പെടുത്തുന്ന വിധത്തിൽ തോടിന്റെ അടിഭാഗം മുഴുവൻ കരിങ്കല്ല് പാകേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല.
- പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ തോടിന്റെ വീതി കൂട്ടുന്നതിനായി സൈഡ് കട്ട് ചെയ്യുന്നതിന് ഉൾപ്പെടുത്തിയത് ഐറ്റം 2.8.1 ആണ്. ട്രഞ്ച് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തേണ്ട മേൽ ഐറ്റം തോടിന്റെ സൈഡ് കട്ട് ചെയ്തെടുക്കുന്നതിന് ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. അളവുപുസ്തകം 13/21-22 പേജ് 2, 12, 32 എന്നിവ പ്രകാരം തോടിന്റെ വശങ്ങളിൽ ഇപ്രകാരം മണ്ണെടുത്തിട്ടുള്ളത് $135.75M^3$ (109.24+15.9+10.61) ആണ്. ഐറ്റം 2.6.1 ഉപയോഗപ്പെടുത്താതിരുന്നതിനാൽ താഴെ കൊടുക്കും വിധം അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 2.6.1 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 135.75 X 216.99= 29,456.39<br>(218.08 രൂപ എസ്റ്റിമേറ്റ് നിരക്കുണ്ടായിരുന്ന ഇനത്തിന് ടെണ്ടർ കുറവ് ലഭിച്ചിരുന്നു) | 135.75 X 165.07= 22,408.25<br>(ടെണ്ടർ കുറവ് കണക്കാക്കാതെ) | 7,048.14 |

- തോടിന്റെ അടിഭാഗം മുഴുവനായി കരിങ്കൽ വിരിക്കുന്നതിനായി ഉപയോഗപ്പെടുത്തിയത് പ്രൈസിൽ ലഭ്യമായ OD Irrigation ലെ ഐറ്റം 60.7.1 എന്നതാണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ "Packing To Compactness To Lines And Levels" എന്ന വിധം കരിങ്കൽ അടുക്കി പണിയുന്നതിനുള്ള ഇനമാണെന്ന് കാണാം. ഈയിനത്തിന്റെ തൊട്ടടുത്ത ഇനമായ 60.7.2 "DR Packing Under Foundation" എന്നതാണ്. ഈയിനം ഉപയോഗപ്പെടുത്താതെ 60.7.1 ഉപയോഗപ്പെടുത്താനുണ്ടായ

സാഹചര്യം വിശദീകരിക്കേണ്ടതാണ്. അളവുപുസ്തകം 13/21-22 പേജ് 4, 14, 34 എന്നിവ പ്രകാരം ഇത്തരത്തിൽ തോടിന്റെ അടിത്തട്ടിൽ കരിങ്കല്ല് പാകിയത് ആകെ 69.96$M^3$ അളവിലാണ്. ഇവിടെയും തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതുമൂലം അധിക ചെലവുണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 60.7.2 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 69.96 X 2502.85= 1,75,099.38<br>(2515.43രൂപ എസ്റ്റിമേറ്റ് നിരക്കുണ്ടായിരുന്ന ഇനത്തിന് ടെണ്ടർ കുറവ് ലഭിച്ചിരുന്നു) | 69.96 X 1937.33 = 1,35,535.61<br>(ടെണ്ടർ കുറവ് കണക്കാക്കാതെ) | 39,563.77 |

മേൽ പ്രവൃത്തിയുടെ തുടർച്ചയായി 2022-23 വർഷത്തിൽ മറ്റൊരു പദ്ധതി (പ്രോ.നം.86/23) രൂപീകരിച്ചിട്ടുണ്ട്. മുൻ പദ്ധതിയിൽ സൈഡ് ഭിത്തി നിർമ്മിച്ച ചെയ്നേജിന്റെ മറുവശം കെട്ടുന്നതിനും, 6.5 മീറ്റർ നീളത്തിൽ ഇരുവശവും കോൺക്രീറ്റ് ഭിത്തി നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റിൽ ഇനങ്ങളുള്ളത്. പ്രവൃത്തിയുടെ കൂടുതൽ വിശദാംശം ചുവടെ കൊടുക്കുന്നു.

അടങ്കൽ : 8,77,482/-(6,25,864/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 2,51,618/- തനതുഫണ്ട്)

ചെലവ് : 2,51,618/- ചെക്ക്.നം. 0044979/-22.3.2023

6,25,864/- ബിൽ നം.195/9.3.23

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- ഈ പ്രവൃത്തിയിൽ കോൺക്രീറ്റ് ഭിത്തിയ്ക്കടിയിൽ കരിങ്കല്ല് ഫൗണ്ടേഷൻ നൽകാനായി ഉൾപ്പെടുത്തിയതും മുകളിൽ വിവരിച്ച വിധം ഐറ്റം 60.7.1 ആണ്. അളവു പുസ്തകം പരിശോധിച്ചതിൽ (ഇ-എം ബുക്ക്) 6.2.2023 ലെ അളവു പ്രകാരം ആകെ 26.765 $M^3$ പ്രവൃത്തി ഇപ്രകാരം നടത്തിയിട്ടുണ്ട്. ഐറ്റം 60.7.2 ഉപയോഗപ്പെടുത്താത്തതിന്റെ കാരണം ഇവിടെയും വ്യക്തമല്ല. അതേസമയം തോടിന്റെ സൈഡ് കട്ട് ചെയ്ത് മണ്ണെടുക്കുന്നതിന് മറ്റ് പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായി കൃത്യമായ ഐറ്റം 2.6.1 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതുമൂലം ഇവിടെയും അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 60.7.2 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 26.765 X 3332= 89,180.98<br>(3513.36രൂപ എസ്റ്റിമേറ്റ് നിരക്കുണ്ടായിരുന്ന ഇനത്തിന് ടെണ്ടർ കുറവ് ലഭിച്ചിരുന്നു) | 26.765 X 2622.79 = 70198.97<br>(ടെണ്ടർ കുറവ് കണക്കാക്കാതെ) | 18,982/- |

- ആദ്യ പ്രോജക്ടിൽ ചെയ്ത ഭാഗത്തിന്റെ മറുവശമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി സൈഡ് ഭിത്തി കെട്ടിയിരിക്കുന്നത്. തോടിന്റെ ഈ കരയിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലമാണെന്ന് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന മൂന്ന വ്യക്തികളുടെ ലാൻഡ് റിലിങ്ക്വിഷ്മെന്റ്(ഫാറം എ.റൂൾ 3) ഫോറത്തിൽ നിന്നും വ്യക്തമാണ്. എന്നാൽ ഈ അപേക്ഷയിൽ തിയ്യതിയോ, വിട്ടുകൊടുക്കുന്ന ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സ്ഥലത്തിന്റെ വിസ്തീർണ്ണം 70cm വീതി എന്ന മാത്രമാണ് രേഖപ്പെടുത്തിയത്. വ്യക്തികൾ വിട്ടുകൊടുക്കാൻ തയ്യാറായ ഭൂമി ബന്ധപ്പെട്ട പഞ്ചായത്തിന് രജിസ്റ്റർ ചെയ്തു നൽകിയതിന്റെ വിവരമോ, ഈ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരമോ ലഭ്യമല്ല. (മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.11.2022 ലെ 400954/AMDC01/GENERAL/2022/7025/(1) നമ്പർ കത്തിൽ 25.11.22 തിയ്യതിയിലെ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ വ്യക്തികൾ വിട്ടു നൽകിയ ഭൂമിയുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനമെടുത്തിട്ടുള്ളതായി വിവരിക്കുന്നു). ഭൂമി വിട്ടു നൽകലിന്റെ മുഴുവൻ നടപടികളും പൂർത്തീകരിക്കാതെയാണ് പ്രസ്തുത സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി നടത്തിയിരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

മേൽ രണ്ടു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാലുണ്ടായ 65594/- (7048+39564+18982) രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കുന്നതോടൊപ്പം, അപാകതകൾക്കുള്ള വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-2 എടത്തുംതാഴെ അകലാപ്പുഴ തോട് സംരക്ഷണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ആരംഭിച്ചതാണ് ഈ പദ്ധതി. കുറ്റ്യാടിപുഴയേയും, അകലാപ്പുഴയേയും ബന്ധിപ്പിക്കുന്ന ഈ തോടിന്റെ തുറയൂർ ഗ്രാമപഞ്ചായത്തിലുള്ള എടത്തുംതാഴെ മുതൽ ബി.ടി.എം സ്കൂൾ വരെയുള്ള ഭാഗത്ത് പാർശ്വഭിത്തി കെട്ടുന്നതിനാണ് പദ്ധതി. സ്കൂളിലേയ്ക്ക് എത്താവുന്ന ഒരു നടപ്പാതയായി രൂപപ്പെടുത്തിയെടുക്കാൻ ഉദ്ദേശിച്ചാണ് പദ്ധതി രൂപീകരിച്ചത്. നിലവിൽ വിവിധ വർഷങ്ങളിലായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഈ തോടിന് സംരക്ഷണഭിത്തി കെട്ടിയതിന്റെ തുടർച്ചയായാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. 7.9.2020 ൽ സാങ്കേതികാനുമതി ലഭിച്ച ആ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ആറുമാസമാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 5.11.2020 ന് ദിനേശൻ.എം. എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നൽകി. അന്നേ ദിവസം തന്നെ പ്രവൃത്തി സ്ഥലവും കരാറുകാരന് കൈമാറി. ഈ പ്രവൃത്തിയുടെ നിർവ്വഹണ ഫയൽ പരിശോധിച്ചതിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു,

- തോടിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ മണ്ണെടുത്ത് മാറ്റുന്നതിനും, സൈഡ് കട്ട് ചെയ്ത് വീതി കൂട്ടുന്നതിനും, കരിങ്കല്ല് ഉപയോഗിച്ച് അടിത്തറ നിർമ്മിച്ച് ഇരുവശവും കരിങ്കല്ലു കൊണ്ട് പാർശ്വഭിത്തി നിർമ്മിക്കാനുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉള്ളത്. കരിങ്കൽ ഭിത്തിക്കിടയിൽ കോൺക്രീറ്റ് ബെൽറ്റിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു.
- 3.3.2022 ലെ ഭരണസമിതി തീരുമാനം 3 പ്രകാരം ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന്റെ റിപ്പോർട്ടിൽ വിവരിക്കുന്നത്, "പാർശ്വഭിത്തിയുടെ ഉയരത്തിൽ വന്ന വ്യത്യാസം കാരണവും, തോടിന്റെ അടിത്തട്ടിൽ ജലവിതാനം ഉള്ളതിനാൽ മണ്ണിന്റെ ഉറപ്പ് കുറവാണെന്ന്

ബോധ്യപ്പെട്ടതിനാൽ ഡ്രൈൻ ബെഡിന്റെ വീതി കൂട്ടികൊടുക്കേണ്ടതുണ്ടെന്നും ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നുമാണ്". പ്രവൃത്തി ഏൽപ്പിച്ച് നൽകി ഏകദേശം ഒന്നര വർഷം കഴിഞ്ഞാണ് ഈ തീരുമാനമെടുക്കുന്നത്. അളവുപുസ്തകം (നം. 11/21-22) പരിശോധിച്ചതിൽ മേൽ തീരുമാനം കൈക്കൊണ്ടതിനു ശേഷം 4.3.22 നാണ് പ്രവൃത്തി ആരംഭിക്കുന്നത്. പ്രവൃത്തി ഏൽപ്പിച്ച് നൽകിയ ശേഷം ഒന്നര വർഷത്തോളം പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച കാരണം ഫയലിൽ വ്യക്തമല്ല.

- നിർമ്മാണം ആരംഭിച്ച് 26.3.22 വരെ നടന്ന പ്രവൃത്തികളുടെ മൂല്യം കണക്കാക്കി 2021-22 വർഷത്തിൽ 5,73,860/- രൂപയുള്ള ആദ്യ പാർട്ട് ബിൽ (ബിൽ നം. 221/30.3.22) നൽകിയിട്ടുണ്ട്. തോടിന്റെ അടിത്തട്ടിൽ നിന്നും മണ്ണെടുക്കുകയും, അടിത്തട്ട് മുഴുവനായി (71 മീറ്റർ നീളത്തിൽ) 3.25 മീറ്റർ വീതിയിൽ കരിങ്കൽ പാകുകയും, ഇടതുവശം 27 മീറ്ററും, വലതുവശം 35 മീറ്ററും നീളത്തിൽ 0.90 മീറ്റർ ഉയരത്തിൽ പാർശ്വഭിത്തി നിർമ്മിക്കുകയുമാണ് ഈ സമയം നടന്നത്. പാർട്ട് ബിൽ നൽകിയ ശേഷം ഈ പ്രവൃത്തിയുടെ തുടർപ്രവർത്തനം ആരംഭിക്കുന്നത് ഏകദേശം ഒരു വർഷത്തിനു ശേഷം 16.2.2023 നാണ്. ഈ സമയം നടന്നത് ആദ്യം പണിത ഭിത്തിയുടെ തുടർച്ചയിൽ ഭിത്തികെട്ടും, ബെൽറ്റ് നൽകി മുകളിലേയ്ക്ക് ശരാശരി 0.75 മീറ്റർ ഉയരത്തിൽ ഭിത്തികെട്ടുമാണ്. ഇക്കാലയളവിലും പ്രവൃത്തി നിർത്തിവച്ചിരിക്കുന്നത് സംബന്ധിച്ച് വിവരണങ്ങളൊന്നും ഫയലിലില്ല.
- ഫയലിൽ കരാറുകാരൻ നൽകിയ ഒരു അപേക്ഷ കാണുന്നു. ഇതിൽ നിർമ്മാണ പ്രദേശത്തെ പ്രത്യേക സാഹചര്യം കാരണം/വെള്ളക്കെട്ട് കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നും, 20.3.2023 വരെ പൂർത്തീകരണ സമയം നീട്ടി നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ഇതിനടിസ്ഥാനപ്പെടുത്തി 4.5.2021 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ കാലാവധി 15.3.23 വരെ നീട്ടി നൽകാവുന്നതാണെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ അപ്പെൻഡിക്സ് 2100 F ലുള്ള ശുപാർശയും ഫയലിലുണ്ട്. എന്നാൽ പ്രവൃത്തി സമയം ഭരണസമിതി നീട്ടി നൽകിയതിന്റെ വിശദാംശം ഫയലിലില്ല. 2022 മാർച്ച് മാസത്തിൽ പാർട്ട് ബിൽ ലഭിച്ച ശേഷം വേനൽ മാസങ്ങളായി ഏപ്രിൽ, മെയ് മാസങ്ങൾ ലഭ്യമായിട്ടും പ്രവൃത്തി തുടരാതെ ഒരു വർഷത്തോളം കഴിഞ്ഞുള്ള തിയ്യതി വരെ പൂർത്തീകരണ കാലവധി നീട്ടി നൽകാൻ അപേക്ഷിച്ചതും, ആയത് അംഗീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തതും അംഗീകരിക്കാവുന്നതല്ല.
- പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ തോടിന്റെ വീതി കൂട്ടുന്നതിനായി സൈഡ് കട്ട് ചെയ്യുന്നതിനും, അടിത്തട്ട് ലെവൽ ചെയ്യുന്നതിന് മണ്ണെടുക്കുന്നതിനും ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 2.6.1 ഉം, കരിങ്കൽകെട്ടിന്റെ ഫൗണ്ടേഷൻ നിർമ്മിക്കാനുള്ളതിന് ഐറ്റം 2.8.1 ഉം ആണ്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം നടത്തിയപ്പോൾ തോടിന്റെ സൈഡ് കട്ട് ചെയ്ത് വീതി കൂട്ടുന്ന പ്രവൃത്തിയ്ക്കായി ഉപയോഗപ്പെടുത്തിയത് ഐറ്റം 2.8.1 ആണ്. ട്രഞ്ച് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തേണ്ട മേൽ ഐറ്റം തോടിന്റെ സൈഡ് കട്ട് ചെയ്തെടുക്കുന്നതിന് ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. അളവുപുസ്തകം 11/21-22 പേജ് 2 പ്രകാരം തോടിന്റെ ഇരുവശങ്ങളിലും ഇപ്രകാരം മണ്ണെടുത്തിട്ടുള്ളത് 136.62 $M^3$ ആണ്. തെറ്റായ ഇനം ഉപയോഗപ്പെടുത്തിയതിനാൽ താഴെ പറയും വിധം അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 2.6.1 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 136.62 X 218.08 =29,794.09 | 136.62 X 165.07 = 22,551.86 | 7242.23 |

- എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തിയപ്പോൾ തോടിന്റെ അടിഭാഗം മുഴുവനായി കരിങ്കൽ

വിരിച്ചിട്ടുണ്ട്. ഇതിനായി ഉപയോഗപ്പെടുത്തിയത് പ്രൈസിൽ ലഭ്യമായ OD Irrigation ലെ ഐറ്റം 60.7.1 എന്നതാണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ "Packing To Compactness To Lines And Levels" എന്ന വിധം കരിങ്കൽ അടുക്കി പണിയുന്നതിനുള്ള ഇനമാണെന്ന് കാണാം. ഈയിനത്തിന്റെ തൊട്ടടുത്ത ഇനമായ 60.7.2 "DR Packing Under Foundation" എന്നതാണ്. ഈയിനം ഉപയോഗപ്പെടുത്താതെ 60.7.1 ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. നിരക്കിൽ വൻവ്യത്യാസമുള്ളതിനാൽ ഈയിനം ഉപയോഗപ്പെടുത്തിയതിനാൽ 66,701.17/-രൂപയുടെ അധിക ചെലവ് പഞ്ചായത്തിനുണ്ടായി. (എം ബുക്ക് പേജ് 4 പ്രകാരം 115.38M3 ഡ്രൈൻബെഡ് നിർമ്മാണം നടന്നിട്ടുണ്ട്.)

| ചെയ്ത അളവ്/നൽകിയ തുക | ഐറ്റം 60.7.2 ഉപയോഗപ്പെടുത്തിയാൽ വരുമായിരുന്ന ചെലവ് | അധികം ചെലവഴിച്ചത് |
|---|---|---|
| 115.38x 2515.43 = 2,90,230.31 | 115.38 X 1937.33 = 2,23,529.14 | 66,701.17 |

- മുകളിൽ വിവരിച്ച രീതിയിൽ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസമുണ്ടായപ്പോഴും, ഒന്നര വർഷത്തിനു കഴിഞ്ഞ് ആരംഭിച്ച് പാർട്ട് ബിൽ നൽകിയ ശേഷം വീണ്ടും ഒരു വർഷത്തോളം തുടർപ്രവർത്തനം നടത്താതിരുന്നപ്പോഴും നിർവ്വഹണോദ്യോഗസ്ഥനോ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ വർക്കിംഗ് ഗ്രൂപ്പോ ഇതിനെപ്പറ്റി ആരാഞ്ഞതായോ ഇടപെടലുകൾ നടത്തിയതായോ കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണത്തിന് ഏകദേശം രണ്ടു വർഷത്തോളം കാലതാമസമുണ്ടായപ്പോഴും കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമല്ല. പിഴ തുക ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ച കാര്യങ്ങൾക്ക് വ്യക്തത വരുത്തും വിധം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. തെറ്റായ ഇനങ്ങൾ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയതിനാൽ ഉണ്ടായ 73,943/-(7242.23+66701.17) രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല(ബിൽ നം.221/30.3.22, തുക 573860/-, ബിൽ നം.233/27.3.23, തുക 454536/-). ഈ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-3 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താൽക്കാലിക നിയമനം നടത്തി

ബ്ലോക്ക് ഓഫീസിലെ ടൈപ്പിസ്റ്റ് ആയ ശ്രീമതി.രാധാമണി.എൻ.കെ. 31.5.2022 ന് വിരമിച്ച സാഹചര്യത്തിൽ ടിയാരിയെ തന്നെ താല്ക്കാലികമായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിയമിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ (ഫയൽ നം. എ.859/2022), വിരമിക്കുന്നതു മൂലമുണ്ടാകുന്ന ഒഴിവിലേക്ക് പുതിയ ആളെ നിയമിക്കുന്നതു വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, താൽക്കാലികമായോ ആളെ നിയമിച്ച് നൽകുന്നതിനുള്ള അപേക്ഷ 24.4.2022 ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോടിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഒഴിവിലേക്ക് നിയമനം നടക്കാത്തതിനാലും, ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതിരിക്കാനും പുതിയ നിയമനം നടക്കുന്നതു വരെ വിരമിച്ച ശ്രീമതി.രാധാമണി.എൻ.കെ. യെ തന്നെ 755/- രൂപ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുകയാണുണ്ടായത്. 2.7.2022 ലെ ഉത്തരവ് നം.എ 859/2022 പ്രകാരമാണ് നിയമനം നടത്തിയത്. നിയമനവുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു,

- അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ അനുമതിയില്ലാതെയാണ് ഒഴിവിലേക്ക് താൽക്കാലിക ജീവനക്കാരിയെ നിയമിച്ചിട്ടുള്ളത്. നിയമനം നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയുണ്ടായിരുന്നോ എന്നും വ്യക്തമല്ല.

- താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്താതെ വിരമിച്ച ജീവനക്കാരിയെ തന്നെ നിയമിച്ചത് ഗുരുതര വീഴ്ചയാണ്. അർഹരായ നിരവധി ഉദ്യോഗാർത്ഥികൾ ഉണ്ടെന്നിരിക്കെ അവരുടെ അവസരം നിക്ഷേധിച്ചത് അംഗീകരിക്കാനാവില്ല.
- 5.8.2022 ലെ വൗച്ചർ നമ്പർ 22200136 പ്രകാരം താൽക്കാലിക ടൈപ്പിസ്റ്റിനുള്ള ജൂൺ, ജൂലായ് മാസങ്ങളിലെ വേതനം 33,975/- രൂപ നൽകിയിട്ടുണ്ട്. നിയമന ഫയൽ പ്രകാരം 2.7.2022 ലെ ഉത്തരവ് നം.എ 859/2022 പ്രകാരമാണ് നിയമനം നടന്നിട്ടുള്ളത്. 2.7.2022 ന് നിയമിച്ച വ്യക്തിക്ക് 2.6.22 മുതലുള്ള വേതനം നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. (നിയമനത്തിനു മുമ്പുള്ള 25 ദിവസത്തെ വേതനം)
- പുതിയ ടൈപ്പിസ്റ്റ് ജോലിയിൽ പ്രവേശിച്ച ശേഷം സെപ്റ്റംബർ മാസത്തിൽ അനുവദനീയമായ അവധിയിൽ പ്രവേശിച്ച കാലയളവിൽ (19.922മുതൽ 30.9.22 വരെ ഒമ്പത് ദിവസം) വീണ്ടും ഈ ജീവനക്കാരിയുടെ സേവനം സ്വീകരിക്കുകയും, ആയതിന്റെ വേതനം 6795/-രൂപ വൗച്ചർ 22200323/30.11.22 പ്രകാരം നൽകിയിട്ടുമുണ്ട്. നിലവിലെ തസ്തികയിലുള്ള ജീവനക്കാരൻ അനുവദനീയ അവധിയിൽ പ്രവേശിച്ച സമയം ഇപ്രകാരം വീണ്ടും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയതെന്തിനെന്ന് വ്യക്തമല്ല. ഒരേ സമയം ഒരു തസ്തികയ്ക്കായി രണ്ടു വിധം വേതനം നൽകുന്ന അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്.

താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയതിൽ വിവരിക്കുന്നത് ഇപ്രകാരമാണ്, "സമീപത്ത് താമസിക്കുന്ന പ്രാവീണ്യമുള്ള ആൾ എന്ന നിലയ്ക്കാണ് വിരമിച്ചയാളെ നിയമിച്ചതെന്നും, നിയമന ഉത്തരവിലെ തിയ്യതി പിശക് ക്ലറിക്കൽ പിഴവാണ്. സ്ഥിരം ടൈപ്പിസ്റ്റ് അവധിയിലായ സമയം ഓഫീസ് പ്രവർത്തനം സുഗമമാക്കാനാണ് വീണ്ടും ഇവരെ നിയമിച്ചതെന്നും, ഇനി മുതൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചേ നിയമനങ്ങൾ നടത്തൂ" എന്നുമാണ്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഉത്തരവു തിയ്യതിയിൽ സംഭവിച്ചത് ക്ലറിക്കൽ പിഴവല്ലെന്നത് കുറിപ്പ് ഫയലിൽ വ്യക്തമാണ്. 2.7.22 നാണ് ബന്ധപ്പെട്ട സെക്ഷൻ നിയമന ഉത്തരവിന്റെ കരട് തയ്യാറാക്കി സമർപ്പിക്കുന്നത്. ആയത് ബി.ഡി.ഒ. അംഗീകരിക്കുന്നത് 12.7.22 നാണ്. സ്ഥാപന മേധാവി അംഗീകരിക്കുന്ന തിയ്യതി മുതലേ നിയമന ഉത്തരവിന് പ്രാബല്യമുള്ളൂവെന്നിരിക്കെ നിയമന ഉത്തരവിൽ 2.7.22 തിയ്യതി ഉൾപ്പെടുത്തിയതും അംഗീകരിക്കാവുന്നതല്ല.

മുകളിൽ വിവരിച്ച പ്രകാരം നിയമനത്തിനു മുമ്പേ നൽകിയ വേതനം(12.7.22 നു മുമ്പുള്ള തിയ്യതി വരെ) 24,160/-(32 X 755) രൂപയും, അനുദനീയ തസ്തികയിൽ ജീവനക്കാരനുണ്ടായിരിക്കെ പ്രസ്തുത ദിവസങ്ങളിലേയ്ക്ക് ചെലവഴിച്ച 6795/-രൂപയും ഓഡിറ്റ് അംഗീകരിക്കുന്നില്ല. 30955/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ/ഭരണസമിതിയുടെ അനുമതിയില്ലാതെ നിയമനം നടത്തിയതിനാൽ മറ്റു ദിവസങ്ങളിലേയ്ക്ക് ചെലവഴിച്ച ബാക്കി 9815/-രൂപയുടെ ചെലവ് തടസ്സിൽ വയ്ക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 01.07.23 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2022-23 | 1568000 | പി എം ഐ എ വൈ ലൈഫ് ഭവന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 1568000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 700000 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1078000 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി എസ്.സി.പി വിഹിതം നൽകൽ | 1078000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 830000 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി എസ്.സി.പി വിഹിതം നൽകൽ | 830000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ് ഓഫീസ്, പേരാമ്പ്ര | മക്കാട് മുക്ക് നവപ്രഭ കനാൽ പാലം റോഡ്, മേപ്പയ്യൂർ | RBI 2912290525889, തി:17.1022 | 600000 | 600000 | 0 |
| | എടത്തുംകര പാലയുള്ളതിൽ നവീന റോഡ്, കീഴരിയൂർ | RBI 2912290525862, തി:17.1022 | 500000 | 500000 | 0 |
| | കൊല്ലിയിൽ മുക്ക് നടുക്കണ്ടി ക്ഷേത്രം റോഡ്, മേപ്പയ്യൂർ | 73/12.10.22 | 546800 | 546800 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനപദ്ധതി | ---- | ---- | 1129732 | 0 | 500000 | 629732 |

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക്പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.14 | ടൂറിസം വികസനം - പദ്ധതി നടപ്പിലായില്ല | LFAC(2004-06) 14-ാമത് റിപ്പോർട്ട് ഖണ്ഡിക 8 ബോട്ട് സർവ്വീസ് ആരംഭി ക്കാനുള്ള തീരു മാനം കൈക്കൊ ള്ളണം. 2 മാസ ത്തിനുള്ളിൽ റിപ്പോർട്ട് നൽകണം. |
| 2003-04 | 3-3 | 2005-06 | 2.69.1 | കേരള വികസന പദ്ധതി – | LFAC(16-19) 25-ാമത് റിപ്പോർട്ട്, |

| | | | | | |
|---|---|---|---|---|---|
| | | | | നിർദ്ദേശങ്ങൾ ലംഘിച്ച | ഖണ്ഡിക 21 പാഴ് ചെലവ് ഉത്തര വാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാൻ ശുപാർശ. |
| 2017-18 | 3-3 | 2018-19 | | സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ ബ്ലോക്ക് തല എം.ആർ.എഫ് സെന്റർ സ്ഥാപിക്കാനായില്ല | തുടരുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52331044 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55011564 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 170492 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 762039 |

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
| 3-1 | - | 46612 | ശ്രീ.ശശികുമാർ.ആർ അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 18982 | ശ്രീമതി.രസിത.എം അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 73943 | ശ്രീ.ശശികുമാർ.ആർ അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-3 | - | 30955 | ശ്രീ.സരുൺ കെ,<br>സെക്രട്ടറി,<br>മേലടി ബ്ലോക്ക്<br>പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 9815 | ശ്രീ.സരുൺ കെ,<br>സെക്രട്ടറി, മേലടി ബ്ലോക്ക് പഞ്ചായത്ത് |
| 1-13 | 752224 | ശ്രീ.സരുൺ കെ,<br>സെക്രട്ടറി, മേലടി ബ്ലോക്ക് പഞ്ചായത്ത് |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ
വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സരുൺ കെ,<br>സെക്രട്ടറി,<br>മേലടി ബ്ലോക്ക്<br>പഞ്ചായത്ത് | സെക്രട്ടറി,<br>മേലടി ബ്ലോക്ക് പഞ്ചായത്ത് | ശ്രീരാഗം,<br>ചോറോട് ഈസ്റ്റ്, പി.ഒ,<br>വടകര,<br>673106 |
| ശ്രീമതി. രസിത എം,<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി സബ്ഡിവിഷൻ<br>,മേലടി | സൗപർണിക,<br>കൽപ്പത്തൂർ പി.ഒ,<br>മേപ്പയ്യൂർ |
| ശ്രീ.ശശികുമാർ ആർ<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി<br>പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | ഡഫോഡിൽസ്<br>ഹൈസ്കൂൾ,<br>മാണിക്കോത്ത് റോഡ്,<br>ഉരുക്കര,തിക്കോടി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/.പി7/ 128/15(1)തീയ്യതി 05.05.15 | 1<br>ഖണ്ഡിക 32 |

| | | |
|---|---|---|
| | | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടത്. |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി/പി7 /30/17(1) തീയ്യതി 05.04.17 | 1<br>ഖണ്ഡിക 7 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി7/30/ 17(2) തീയ്യതി 05.04.17 | 4<br>3-1, 3-3, 3-4,3-5 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി7/30/ 17(4) തീയ്യതി 05.04.17 | 1<br>3-1 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/പി7/30/ 17(6) തീയ്യതി 05.04.17 | 1<br>3-4 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി7 /1864/17<br>തീയ്യതി -08.01.2018 | 1<br>3-8 |
| 2010-11<br>2011-12 | കെ.എസ്.എ.കെ.കെ.ഡി/പി8/790/ 2022 തീയ്യതി 18.05.22 | 3<br>3-3,3-4,3-11 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി7/30/ 17(9) തീയ്യതി 05.04.17 | 3<br>3-1, (2,3), 3-2, 3-3 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി/പി8 /790(1)/ 2022 തീയ്യതി 18.05.22 | 4<br>3-4,3-5,3-6,3-7 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി8/902/ 2022 തീയ്യതി 18.05.22 | 9<br>2-1,2-2(a)(c),<br>3-1,3-4,3-6,3-11,3-7,3-12 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി8/790/ 2022 (2) തീയ്യതി 18.05.22 | 9<br>2-1,2-2,3-1,3-4,3-5,3-10,<br>3-12,3-16,3-24 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി8/902/ 2022 തീയ്യതി 18.05.22 | 1-10,3-2,3-3,3-4 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി11/965/ 2020തീയ്യതി 18.11.20 | 1-3,1-5,1-6,1-7(4),1-8,1-13,3-1,4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി8/1189/ 2022 തീയ്യതി 23.09.22 | 1-1,1-2-1,1-4-1,1-7,1-8,1-9,1-10,1-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി8/1773/ 2021തീയ്യതി 23.09.22 | 1-1,1-2-1(1 To 10),1-4(1)(2),1-7,1-8,1-9,1-10,1-11,1-12 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി8/1996/ 2022 തീയ്യതി 30.11.22 | 1-2, 1-4, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 4-11 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 13-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Melady Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Melady Block Panchayat for the year 2022-2023

Date: 04/10/2023

Joint Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Melady Block Panchayat for the Year 2022-2023.**

**1.Major Observations**

Payment voucher- misclassification.

**2.Other Observations**

a. Mandatory financial statements prescribed in accounting rules are not submitted for audit.
i) Basic ratios
ii) Notes to accounts

b. Lack of authenticated journal vouchers for supporting the adjustment entries recorded in

- Prior period items
- capital controbution

c. Comments relating to inventory and other registers and asset register.
The following documents are not maintained duly.

- Deposit register.
- Asset register.
- Advance register.
- Loan register.

f. Comments relating to Demand ,collection and Balance register. Demand register not match with financial statement.

( Eg:As per the register provided by the institution, a balance of Rs.41000 is seen under election deposit. But according to the financial statement balance sheet (Schedule B7) the balance is Rs.27000.)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്